**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3175** **26-06-2024 - ൽ മറുപടിയ്ക്ക്**

**മാവൂർ എൻ.ഐ.ടി.- കൊട്ടുവള്ളി റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി ലഭിച്ചിട്ടുള്ള മാവൂർ എൻ.ഐ.ടി. കൊട്ടുവള്ളി റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | മാവൂർ എൻ.ഐ. ടി - കൊട്ടുവള്ളി റോഡ് പ്രവൃത്തിക്ക് 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 15.02.2020 -ൽ ഭൂമി ഏറ്റെടുക്കുന്നത്തിനായി 7 കോടി രൂപ ഉൾപ്പെടെ 52.20 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. GO (Rt) No. 3263/2022/RD dated 01.08.2022 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ (ബി) ഓർഡർ ലഭിച്ചിട്ടുണ്ട്. അതിലേക്കുള്ള കണ്ടിജൻസി ചാർജിനത്തിൽ 13,53,377/- രൂപ 26.06.2023 തീയതിയിൽ കിഫ്ബിയിൽ നിന്നും നൽകിയത് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 17/01/2024 തീയ്യതിയിൽ പൂർത്തീകരിച്ചു. റവന്യൂ അധികൃതരുമായുള്ള സംയുക്ത പരിശോധനക്ക് ശേഷം റവന്യൂ സർവേ നടന്നുകൊണ്ടിരിക്കുകയാണ്. |
| (ബി) | 90% ഭൂമി മുൻകൂർ ലഭ്യമായ സാഹചര്യത്തിൽ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് കെ.ആർ.എഫ്.ബി.ക്ക് തടസ്സമായി നിൽക്കുന്ന വിഷയം എന്താണെന്ന് വിശദമാക്കാമോ; | (ബി) | ലാൻഡ് അക്വിസിഷൻ നടപടികൾ നടന്നുവരുന്ന സാഹചര്യത്തിൽ പ്രസ്തുത റോഡിൽ അഡ്വാൻസ് പൊസ്സെഷൻ മുഖാന്തിരം സ്ഥലം ലഭ്യമാക്കി പ്രവൃത്തി ആരംഭിച്ചാൽ, പ്രസ്തുത റോഡിലെ മുറിച്ചു മാറ്റേണ്ട മരങ്ങളും പൊളിച്ചുമാറ്റേണ്ട കോമ്പൗണ്ട് മതിലുകളും ഉൾപ്പെടെയുള്ള ചമയങ്ങളുടെ വിലനിർണയത്തിനു തടസ്സമാകാൻ സാധ്യതയുള്ളതിനാൽ, അഡ്വാൻസ് പൊസ്സെഷൻ എടുത്ത് പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചമയങ്ങൾ നീക്കം ചെയ്യുകയും ചെയ്യുന്നതിന് ഈ ഘട്ടത്തിൽ തടസങ്ങളുണ്ടാകുന്നതാണ്. അതിനാൽ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരണ ഘട്ടത്തിൽ എത്തിയെങ്കിൽ മാത്രമേ പ്രവൃത്തിയുടെ ടെണ്ടർ നടപടികളിലേക്ക് കടക്കാൻ സാധിക്കുകയുള്ളു. |

| | | | |
|---|---|---|---|
| (സി) | കെ.ആർ.എഫ്.ബി.ക്ക് കൈമാറിയ പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | മാവൂർ NIT കൊടുവള്ളി റോഡിൽ 2021 നും 2023 നും ഇടയിൽ 27 ലക്ഷം രൂപയുടെ മെയിന്റനൻസ് പ്രവൃത്തികൾ KRFB – PMU മുഖേന നടത്തിയിട്ടുണ്ട്. പ്രസ്തുത റോഡിൽ മാവൂരിനും കട്ടാങ്കലിനും ഇടയിൽ കൂടുതൽ കേടുപാടുകൾ വരുന്ന ഭാഗത്ത് MSS ഓവർലേ ചെയ്യുന്നതിന് 80 ലക്ഷം രൂപയുടെ റെക്റ്റിഫിക്കേഷൻ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് കിഫ്ബിയോട് അധികഫണ്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അറ്റകുറ്റ പണികൾക്കായി കിഫ്ബിയിൽ നിന്നും അധിക ഫണ്ട് ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത റോഡിലെ അടിയന്തര അറ്റകുറ്റ പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ